പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1071

10.06.2019 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പി. അനിൽ കുമാർ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഇതിനായി പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;<br><br>(ബി) പ്രസ്തുത തൊഴിലാളികൾക്ക് എന്തെങ്കിലും ഇടക്കാലാശ്വാസം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ? | (എ)യും (ബി)യും - സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനായി ട്രേഡ് യൂണിയനുകൾ ഡിമാന്റ് ലഭ്യമാക്കിയതിനെ തുടർന്ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്നെങ്കിലും തീരുമാനമാകാത്തതിനാൽ തൊഴിൽ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസം അനുവദിക്കുകയും, വേതന പരിഷ്കരണം സംബന്ധിച്ച തുടർ ചർച്ചകൾ പുനരാരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.<br><br>തോട്ടം തൊഴിലാളികൾക്കും ടി മേഖലയിലെ സൂപ്പർവൈസറി, സെലക്ടഡ് സ്പെഷ്യൽ കാറ്റഗറി, കുക്ക് തുടങ്ങിയ തസ്തികയിലുള്ള മാസശമ്പളക്കാരായ ജീവനക്കാർക്കും പ്രതിദിനം 50/-രൂപ നിരക്കിൽ ഇടക്കാലാശ്വാസം അനുവദിച്ച് കൊണ്ടും ആയതിന് 2019 ഫെബ്രുവരി 1-ാം തീയതി മുതൽ പ്രാബല്യം നൽകികൊണ്ടും 27/02/2019-ാം തീയതിയിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ഒത്തു തീർപ്പ് കരാർ ഉണ്ടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ